## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3054**

15/02/2013 ൽ മറുപടിയ്ക്ക്

**കഠിനംകുളം വില്ലേജിലെ സ്ഥലം പോക്കുവരവ് ചെയ്യുന്നതിനുള്ള നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തിരുവനന്തപുരം താലൂക്കിലെ കഠിനംകുളം വില്ലേജിൽ 366, 367, 368, 369, 371, 372 എന്നീ സർവ്വേ നമ്പറുകളിലെ സ്ഥലം വിലയ്ക്കു വാങ്ങിയ 88 കുടുംബങ്ങൾക്ക് പ്രസ്തുതസ്ഥലം പോക്കുവരവ് ചെയ്തു ലഭിക്കാത്തതിനാൽ ഈ കുട ുംബങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്നതു സംബന്ധിച്ച നിവേദനങ്ങളിന്മേലും അപേക്ഷകളി ന്മേലും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) | തിരുവനന്തപുരം താലൂക്കിലെ കഠിനം കുളം വില്ലേജിലെ റീസർവ്വെ 366, 367, 368, 369, 371, 372 എന്നീ സർവെ നമ്പരുകളിൽ പ്പെട്ട 13 ഏക്കർ സ്ഥലം മണക്കാട് വില്ലേജിൽ ദ്വാരകയിൽ ശ്രീ. എസ്. രാമകൃഷ്ണൻ പോറ്റി യിൽ നിന്നും റ്റി.എൽ.ബി. 158/73 പ്രകാരം മിച്ച ഭൂമിയായി അന്യകൈവശത്തോടുകൂടി ഏറ്റെടു ത്തിട്ടുള്ളതിനാൽ ടി മിച്ച ഭൂമിയിൽ ഉൾപ്പെട്ടു വരുന്ന വസ്തുക്കൾ കൈവശം വച്ചു വരുന്ന കക്ഷികൾക്ക് പട്ടയം നൽകിയാൽ മാത്രമേ പോക്കുവരവ് ചെയ്യാൻ സാധിക്കുകയുള്ളൂ. കഠി നംകുളം വില്ലേജ് റീസർവ്വെ കഴിഞ്ഞ വില്ലേജായ തിനാൽ ടി സർവ്വെ നമ്പരിൽപ്പെട്ട വസ്തുക്കൾ കൈവശം വച്ചു വരുന്നവരുടെ ആധാരവും, സ്ഥലവും എൽ.ആർ.എം. മുഖേന പ്രത്യേകം സർവെയർമാരെ നിയോഗിച്ചു കൈവശം തിട്ട പ്പെടുത്തി പരിശോധിച്ചു നിയമാനുസൃതം കരം തീർത്തു നൽകുന്നതിനുള്ള നടപടികൾ സ്വീക രിച്ചു വരുന്നു. |
| (ബി) പോക്കുവരവ് ചെയ്തുകൊടുക്കുന്ന തിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ പ്രത്യേകസംവിധാനം ഏർപ്പെടുത്തുമോ? | (ബി) | പോക്കുവരവ് ചെയ്തു കൊടുക്കുന്നതിന് പ്രത്യേകം സർവെയർമാരെ നിയോഗിച്ച് എൽ.ആർ.എം. മുഖേന നടപടികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ